കേരള സർക്കാർ

ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്

15 NOV 2018

നം.HEALTH-M2/608/2017-HEALTH

തിരുവനന്തപുരം,
തീയതി : 13.11.2018

94834

സർക്കുലർ

വിഷയം :- ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിക്കുന്ന പോലീസ് ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ശേഖരിക്കുന്നത് - രജിസ്റ്ററുകൾ സൂക്ഷിക്കുന്നത് - സംബന്ധിച്ച്.

അപകടങ്ങൾ, ആത്മഹത്യ, അടിപടി കേസുകൾ, കൊലപാതകങ്ങൾ മുതലായവയുമായി ബന്ധപ്പെട്ട് ഡ്യൂട്ടിയുടെ ഭാഗമായി പോലീസ് ഉദ്യോഗസ്ഥർക്ക് മെഡിക്കൽ കോളേജ് ആശുപത്രികൾ, സർക്കാർ/സ്വകാര്യ ആശുപത്രികൾ എന്നിവ സന്ദർശിച്ച് തെളിവ് ശേഖരിക്കേണ്ടതായും ചികിത്സയിലുള്ളവരുടെ മൊഴി രേഖപ്പെടുത്തേണ്ടതായും വരുന്നു. ഡ്യൂട്ടിയിലുള്ള ഡോക്ടർമാരുടെ അനുവാദം വാങ്ങിയിട്ടാണ് ഇപ്രകാരം ചെയ്യുന്നതെങ്കിലും ഇത് സംബന്ധിച്ച വിവരങ്ങൾ ആശുപത്രികളിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ അപകടങ്ങൾ, ആത്മഹത്യ, അടിപടി കേസുകൾ, കൊലപാതകങ്ങൾ മുതലായവയുമായി ബന്ധപ്പെട്ട ഡ്യൂട്ടിയുടെ ഭാഗമായി പോലീസ് ഉദ്യോഗസ്ഥരുടെ ആശുപത്രി സന്ദർശനവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ഒരു രജിസ്റ്റർ എല്ലാ സർക്കാർ / സ്വകാര്യ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും സൂക്ഷിക്കേണ്ടതും ഈ രജിസ്റ്ററിൽ പോലീസ് ഉദ്യോഗസ്ഥരുടെ സന്ദർശന വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. ഈ രജിസ്റ്ററിന്റെ ചുമതല കാഷ്വാലിറ്റിയിലെ നഴ്സിംഗ് സൂപ്രണ്ട് / നഴ്സ് ഇൻ-ചാർജ്ജിന് നൽകേണ്ടതുമാണ്.

രജിസ്റ്ററിന്റെ മാതൃക

ക്രമ നം.	സന്ദർശന തിയതിയും സമയവും	അന്വേഷണത്തിന് നിയോഗിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്റെ പേരും തസ്തിക നമ്പരും	പോലീസ് സ്റ്റേഷന്റെ പേര്	രോഗിയുടെ പേര്, വിലാസം, IP/OP നമ്പർ	സന്ദർശന ഉദ്ദേശ്യം
1	2	3	4	5	6

സന്ദർശകന്റെ ഒപ്പ്	ഡ്യൂട്ടി ഡോക്ടർ/ നഴ്സിംഗ് സൂപ്രണ്ടിന്റെ പേര്	റിമാർക്സ്
7	8	9

ദിലീപ്.സി.ഡി.
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയാരോഗ്യ ദൗത്യം, തിരുവനന്തപുരം
സെക്രട്ടറി, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, ആനയറ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

മേലെഴുത്ത് നം.O&M4-81673/2018/ആ.വ.കു. തീയതി 26/11/2018

ഉത്തരവിൻ പ്രകാരം

സർക്കുലറിന്റെ പകർപ്പ് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും അനന്തര നടപടികൾക്കായി അയക്കുന്നു.

സെക്ഷൻ ഓഫീസർ

ആരോഗ്യ വകുപ്പ് ഡയറക്ടർക്കു പേജി